5960

"സമ്പൂർണ്ണ സാക്ഷരത"

നം.എം(4)/197047/2020/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 03.11.2020.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ)

എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ)

എല്ലാ ജില്ലാ ഓഫീസർമാർക്കും

എല്ലാ പ്രധാന അദ്ധ്യാപകർക്കും (ജില്ലാ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - ആർഭാട വിവാഹങ്ങൾ, വിവാഹധൂർത്ത് നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25/09/2020 - ലെ WEC-1/24684/18 നമ്പർ കത്ത്.

*****

സംസ്ഥാനത്ത് വ്യാപകമായി നടന്നു വരുന്ന ആർഭാട വിവാഹങ്ങൾക്കും വിവാഹ ധൂർത്തിനും എതിരെ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി സ്ത്രീധന നിരോധന ദിനമായ 2020 നവംബർ 26 - ന് സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുന്നതിന് സൂചന പ്രകാരം വനിത ശിശു വികസന ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമായ യോഗതീരുമാനങ്ങളുടെയും പ്രതിജ്ഞയുടെയും പകർപ്പ് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**ആർഭാട വിവാഹങ്ങളും വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വനിത ശിശു വികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 28-01-2020 ന് ചേർന്ന യോഗ നടപടിക്കുറിപ്പ്**

വനിത ശിശു വികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 28-01-2020ന് ചേർന്ന യോഗം രാവിലെ 10.30 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.

ആർഭാട വിവാഹങ്ങളും വിവാഹധൂർത്തും നിയന്ത്രിക്കുന്നതിന് ബോധവൽക്കരണമാണ് ഏറ്റവും പ്രധാനമായ കാര്യമെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വനിത ശിശു വികസന ഡയറക്ടർ മീറ്റിംഗ് ആരംഭിച്ചു. ടി വിഷയത്തിൽ നിയമനിർമ്മാണം കൊണ്ടുവരുന്നത് പൗരന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെങ്കിലും നിയമനിർമ്മാണം കൊണ്ടുവരുന്നത് ഒരു പരിധിവരെ അനിവാര്യമാണെന്ന് മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു. സ്ത്രീ പുരുഷഭേദമെന്യേ ബോധവൽക്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്നും വിവാഹങ്ങൾക്ക് ക്ഷണിക്കുന്നവരുടെ എണ്ണത്തിനും ചെലവഴിക്കുന്ന തുകയ്ക്കും പരിധിവച്ച് Luxury tax ഏർപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്നും അഭിപ്രായമുണ്ടായി.

വിശദമായ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം യോഗം ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1) ആദ്യമായി കോളേജ് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിനായി പ്രധാനപ്പെട്ട കോളേജുകൾ തെരഞ്ഞെടുത്ത് ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
2) കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി ക്വസ്റ്റ്യനെയർ (സ്ത്രീധന നിരോധനം ശൈശവ വിവാഹം, വിവാഹധൂർത്ത് എന്നിവ ഉൾപ്പെടുന്ന) തയ്യാറാക്കുന്നതിന് ജെന്റർ അഡ്വൈസറെ ചുമതലപ്പെടുത്തി.
3) ആർഭാട വിവാഹവും വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് 30-04-20ന് മുമ്പ് ഡ്രാഫ്റ്റ് തയ്യാറാക്കി നൽകുവാൻ വനിതാ കമ്മീഷ,നെയും യുവജനകമ്മീഷനെയും ചുമതലപ്പെടുത്തി.
4) മാർച്ച് 8-ന് വനിത ദിനം പ്രമാണിച്ച് വകുപ്പും മറ്റ് ഏജൻസികളും സംയോജിച്ച് പരിപാടികൾ നടത്തുവാനും ടി വിഷയം ജന ശ്രദ്ധയിൽ കൊണ്ടുവരാനും തീരുമാനിച്ചു.
5) ആർഭാട വിവാഹവും വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിഷയം സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.

6) സ്കൂൾ/കോളേജ് വിദ്യാർത്ഥികളെക്കൊണ്ട് സ്ത്രീധന നിരോധന ദിനത്തിന് പ്രതിജ്ഞ എടുപ്പിക്കുന്നതിന് ബന്ധപ്പെട്ട് വകുപ്പുകൾക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.

7) മത സംഘടന നേതാക്കൾക്കും, സാംസ്കാരിക സംഘടന നേതാക്കൾക്കും വിവാഹ ധൂർത്തിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ച് സന്ദേശം പൊതുജനങ്ങളിലെത്തിക്കാൻ ആവശ്യമായ പ്രവർത്തനം നടത്തുന്നതിന് അഭ്യർത്ഥിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ.

ഒപ്പ്/

## സ്ത്രീധന നിരോധന ദിനം-നവംബർ-26

## പ്രതിജ്ഞ

സ്വാതന്ത്ര്യവും അവകാശവും കടമയും സ്ത്രീക്കും പുരുഷനും ഒരുപോലെയാണ്. സ്ത്രീധനം ആ സമത്വത്തെ തകർക്കുന്നു എന്നെനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ല എന്റെ ബന്ധുക്കളെയും കൂട്ടുകാരെയും നാട്ടുകാരെയും ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും. സ്ത്രീധനം കേരളത്തിൽ നിന്ന് നിർമാർജ്ജനം ചെയ്യുന്നതിന് സമൂഹത്തോടൊപ്പം നില്ലുമെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു.